II ഇ.ബി. XV-കേരള നിയമസഭ/III-6

**പതിനഞ്ചാം കേരള നിയമസഭ**

മൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 ഒക്ടോബർ 11, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

14 (*151) <u>വ്യാജ പുരാവസ്തുക്കളുടെ ക്രയവിക്രയം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വ്യാജ പുരാവസ്തുക്കൾ ക്രയവിക്രയം നടത്തുന്നതുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നുണ്ടെന്നും ഇക്കാര്യങ്ങൾ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തി കേസന്വേഷണം മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നതെന്നും സഭയെ അറിയിച്ചു. മുൻ ഡി.ജി.പി. കേസിലെ ആരോപണവിധേയന്റെ വീട് സന്ദർശിക്കുകയും സംശയത്തെ തുടർന്ന്

ആവശ്യപ്പെട്ട പ്രകാരം ലഭിച്ച ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. വീടിന് സുരക്ഷ ആവശ്യപ്പെട്ട് ആരോപണവിധേയൻ സമർപ്പിച്ച അപേക്ഷയിൽ സ്വാഭാവിക നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് പോലീസ് മേധാവി വ്യക്തമാക്കിയിട്ടുണ്ട്. തട്ടിപ്പിനും വ്യാജചികിത്സയ്ക്കും വിധേയരായവർ പരാതി നൽകിയാൽ അന്വേഷണം നടത്തുമെന്നും തട്ടിപ്പിന് കൂട്ടുനിന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

15 (*152) <u>സംഘടിത കുറ്റകൃത്യം തടയുന്നതിന് നിയമ നിർമ്മാണം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യം തടയുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുകയും വ്യത്യസ്ത നിലപാട് സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ പരാതി

സമർപ്പിക്കുന്നതിന് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഒരു വനിതാ എസ്.പി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൗരാവകാശ ധ്വംസനവുമായി ബന്ധപ്പെട്ട യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്നും ഫാഷൻ ഗോൾഡ് തട്ടിപ്പ് കേസ് കോടതിയുടെ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

16 (*153) <u>മാലിന്യ സംസ്കരണം</u>

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ) നൽകിയ മറുപടിയിൽ, ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾ നടത്തുന്ന ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മാലിന്യ സംസ്കരണ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണസ്ഥാപനതല മാലിന്യ സംസ്കരണ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും സമയബന്ധിത പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം

987 തദ്ദേശ ഭരണസ്ഥാപനങ്ങളിൽ വ്യാപിപ്പിക്കുകയും 3065 ഹരിതകർമ്മസേന സംരംഭങ്ങൾ കുടുംബശ്രീയിൽ സൂക്ഷ്മ സംരംഭമായി രജിസ്റ്റർ ചെയ്യുകയും കുടുംബശ്രീ മുഖേന അംഗങ്ങളെ കണ്ടെത്തി പരിശീലനം നൽകുകയും ഹരിതകർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന 'യൂസർഫീ' ഹരിതകർമ്മസേന കൺസോർഷ്യം അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും അധിക വരുമാന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വൈദഗ്ധ്യ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കോർപ്പറേഷനുകളിലും നഗരസഭകളിലും ഖരമാലിന്യ സംസ്കരണത്തിന് ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടെന്നും പരിസ്ഥിതി സൗഹാർദ്ദമായി നടപ്പാക്കാൻ വിഭാവന ചെയ്തിട്ടുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്നതിന് നിരവധി പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെന്നും ബ്രഹ്മപുരം ഉൾപ്പെടെയുള്ള ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും കൊല്ലം നഗരത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കെ.എസ്.ഐ.ഡി.സി. പ്രോജക്ടുകൾ ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തിവരികയാണെന്നും മന്ത്രി

അറിയിച്ചു. പട്ടണങ്ങളിലെ ജൈവമാലിന്യ സംസ്കരണത്തിന് കേന്ദ്രീകൃത സംവിധാനമേർപ്പെടുത്തുമെന്നും പാക്കിംഗ് വേസ്റ്റുകളുടെ സംസ്കരണം അതത് കമ്പനി ഉടമകൾതന്നെ നിർവ്വഹിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടെന്നും മാലിന്യ സംസ്കരണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതുസംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് ഫലപ്രദമായ ഇടപെൽ നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17(*154) <u>റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ്</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്ത മുൻഗണനാ കാർഡുകൾ കണ്ടെത്തി അനർഹരെ ഒഴിവാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും മതിയായ കാരണം ബോദ്ധ്യപ്പെടുത്തുന്നവരെ തുടർന്നും സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മുൻഗണനാ മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിന് റേഷൻ കടകളിൽ പോസ്റ്റർ പ്രദർശിപ്പിക്കുകയും സമീപത്തെ പഞ്ചായത്തുകളിലും വില്ലേജുകളിലും ഇവ

പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും മുൻഗണനാ മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്ന ഉത്തരവ് സർക്കാർ വെബ്സൈറ്റിലും വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും റേഡിയോ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച അവബോധം നൽകുകയും ചെയ്യുന്നുണ്ട്. മുൻഗണനാ വിഭാഗത്തിലുണ്ടാകുന്ന ഒഴിവുകൾ പൊതുവിഭാഗം സബ്സിഡിയിൽനിന്ന് നികത്താൻ കഴിയില്ലെന്നും ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അംഗപരിമിതരുൾപ്പെട്ട കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മാനദണ്ഡം നിശ്ചയിക്കാൻ സാമൂഹ്യക്ഷേമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നടപടിക്ക് വിധേയമായി അറ്റാച്ചുചെയ്തതും തുടർന്ന് നടത്താൻ ആഗ്രഹിക്കുന്നില്ലെന്ന് അറിയിച്ചതുമായ 599 റേഷൻ കടകൾ സംവരണ മാനദണ്ഡങ്ങൾ പാലിച്ച് പുതിയ ലൈസൻസികൾക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും 2016-ൽ തദ്ദേശസ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൂടി പരിഗണിച്ച് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓരോ

റേഷൻ കടയിലെയും 10 മുൻഗണനാ കാർഡുകൾവീതം നേരിട്ട് പരിശോധിക്കുന്നതിന് റേഷനിംഗ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കോവിഡ് പശ്ചാത്തലത്തിൽ റേഷൻ വ്യാപാരികൾക്ക് 7.5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പട്ടികവർഗ്ഗ കോളനികളിലെ അർഹതയുള്ള മുഴുവൻപേർക്കും റേഷൻ കാർഡ് അനുവദിക്കുമെന്നും ആയിരം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള വീടുള്ളവരുടെ സാമ്പത്തികസ്ഥിതിയും മറ്റ് കാര്യങ്ങളും പരിശോധിച്ച് അർഹതപ്പെട്ടവർക്ക് മുൻഗണനാ കാർഡ് നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.